## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1882 — 07.12.2015 ലെ മറുപടിക്ക്

ചോദ്യം:
ശ്രീ.എ.റ്റി.ജോർജ്ജ്
ശ്രീ.ലൂഡി ലൂയിസ്
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ആർ.സെൽവരാജ്

ഉത്തരം:
ശ്രീ.ഉമ്മൻചാണ്ടി
ബഹു മുഖ്യമന്ത്രി

## 'ഇ-ഫയൽ സംവിധാനം'

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ധനവകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതു വഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നത്.<br>പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥൻമാരെ പ്രാപ്തരാക്കുക.<br>2) മേൽ ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാ നിർവഹണം എളുപ്പമാക്കുക.<br>3) സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുക.<br>4) ഫയൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുക.<br>5) ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേൽ ഉദ്യോഗസ്ഥനു ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുക.<br>6) ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുക.<br>7) റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുക.<br>8) ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റിംഗ് തുടങ്ങിയ ഇനത്തിൽ ചെലവു കുറയ്ക്കുക. |

| | | |
|---|---|---|
| | | 9) ഫയലിലെ തീരുമാനങ്ങൾ കാലതാമസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുക്കുക.<br>10) ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.<br>11) ശുചിത്വ പൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ. |
| (സി) | പ്രസ്തുത സംവിധാനം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ധനകാര്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ സപ്പോർട്ട് നൽകുന്നത് എൻ.ഐ.സി (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) - എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ഇ-ഫയൽ സംവിധാനം തുടങ്ങിയപ്പോൾ ധനവകുപ്പിലെ പ്രധാനപ്പെട്ട ഫയലുകളെല്ലാം കെൽട്രോൺ മുഖാന്തിരം ഡിജിറ്റൈസ് ചെയ്യുകയും തുടർന്നു വരുന്ന ഫിസിക്കൽ ഫയലുകൾ, തപാലുകൾ, പരാതികൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനായി സി.ആർ.യു (സെൻട്രൽ രജിസ്റ്ററി യൂണിറ്റ്), ഡി.യു (ഡയറൈസിംഗ് യൂണിറ്റ്) എന്നീ സെക്ഷനുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക പരിശീലനവും നൽകുകയുണ്ടായി. ടി സെക്ഷനുകളിൽ ഹൈസ്പീഡ് സ്കാനറുകളും കമ്പ്യൂട്ടറുകളും സ്ഥാപിച്ചതിനു പുറമെ ധനവകുപ്പിലെ എല്ലാ സെക്ഷനുകളിലെയും കമ്പ്യൂട്ടറുകൾ അപ്ഗ്രേഡ് ചെയ്യുകയും, സെക്ഷനുകളിൽ സ്കാനറുകൾ തുടങ്ങി ആവശ്യമായ ഉപകരണങ്ങൾ നൽകുകയുമുണ്ടായി. ധന വകുപ്പിലെ ഫയൽ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഇ-ഓഫീസിൽ പ്രത്യേകം പരിശീലനം നൽകുകയും ചെയ്തു. ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ സിഗ്നേച്ചർ, വെർച്ചൽ പ്രൈവറ്റ് നെറ്റ് വർക്ക് എന്നിവ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ മുഖേന അനുവദിച്ചു നൽകുന്നു. സോഫ്റ്റ് വെയർ വികസിപ്പിച്ച എൻ.ഐ.സി (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) ആണ് പദ്ധതിക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകി വരുന്നത്. ജീവനക്കാർക്ക് ഇ ഓഫീസ് കൈകാര്യം ചെയ്യുന്ന സമയത്ത് വരുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ടിംഗ് സ്റ്റാഫിന്റെ സേവനവും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**